REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 17-03-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- ലോകം മുഴുവൻ അനിശ്ചിതത്വം നേരിടുമ്പോഴും ഇന്ത്യയുടെ വികസനയാത്ര അതിവേഗം മുന്നോട്ടു പോവുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- മാതൃകാപെരുമാറ്റച്ചട്ടം ഫലപ്രദമായി നടപ്പാക്കാൻ തെരഞ്ഞെടുപ്പു കമ്മീഷൻ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും നിർദ്ദേശം നൽകി.
- ലോക്സഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തോടെ സംസ്ഥാനത്ത് മൂന്ന് മുന്നണികളുടെയും പ്രചാരണ പരിപാടികൾ ഇന്നു മുതൽ കൂടുതൽ ഊർജ്ജിതമാകും.
- വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ ഇന്ന് ഡൽഹി ക്യാപ്പിറ്റൽസ് റോയൽ ചലഞ്ചേഴ്സ് ബംഗലൂരുവിനെ നേരിടും.

## വാർത്തകൾ വിശദമായി

**ലോകം മുഴുവൻ അനിശ്ചിതത്വം നേരിടുമ്പോഴും ഇന്ത്യയുടെ വികസനയാത്ര അതിവേഗം മുന്നോട്ടു പോവുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ലോകത്തെ മൂന്നാമത് വലിയ സാമ്പത്തിക ശക്തിയായി മാറുകയാണ് രാജ്യത്തിന്റെ ലക്ഷ്യം. തലവാചകങ്ങൾക്കായി പ്രവർത്തിക്കുകയല്ല, മറിച്ച് ലക്ഷ്യങ്ങളിലെത്താൻ കൃത്യമായ സമയം നിശ്ചയിക്കുകയെന്നതാണ് തന്റെ നയമെന്ന് നരേന്ദ്രമോദി വ്യക്തമാക്കി. ന്യൂഡൽഹിയിൽ ഇന്ത്യ ടുഡേ കോൺക്ലേവിൽ പങ്കെടുക്കുകയായിരുന്നു പ്രധാനമന്ത്രി.**

**സ്റ്റാർട്ടപ്പ് മേഖലയിൽ ഒന്നേകാൽ ലക്ഷത്തോളം പുതുസംരംഭങ്ങളാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. രണ്ടും മൂന്നും നിര നഗരങ്ങളിൽ യുവജനങ്ങളുടെ സ്റ്റാർട്ടപ്പ് വിപ്ലവം വൻവിജയമായി മാറിക്കഴിഞ്ഞു.**

ചെറുനഗരങ്ങളിലും ഈ വിപ്ലവം വ്യാപിച്ചുകഴിഞ്ഞതായും പ്രധാനമന്ത്രി പറഞ്ഞു. ഒരു സൈക്കിൾ പോലും ഓടിച്ചിട്ടില്ലാത്ത ഗ്രാമീണ വനിതകൾ ഇപ്പോൾ ഡ്രോൺ പൈലറ്റുമാരായി മാറിക്കഴിഞ്ഞു. സമൂഹത്തിൽ ദൂരവ്യാപകമായ ഗുണഫലങ്ങൾ ഇതുവഴി ഉണ്ടാകുമെന്നും നരേന്ദ്രമോദി വിലയിരുത്തി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആന്ധ്രാപ്രദേശിലെ NDA തെരഞ്ഞെടുപ്പു യോഗത്തിൽ ഇന്ന് പങ്കെടുക്കും. ആന്ധ്രാപ്രദേശിലെ TDP-ജനസേന- BJP നേതാക്കളും പ്രമുഖരും യോഗത്തിൽ പങ്കെടുക്കും. ആറ് ലോക്സഭാ സീറ്റിലും, പത്ത് നിയമസഭാ സീറ്റിലും BJP മത്സരിക്കും. TDP 17 ലോക്സഭാ സീറ്റിലും, 144 നിയമസഭാ സീറ്റിലും, ജനസേന രണ്ട് ലോക്സഭാ സീറ്റിലും, 21 നിയമസഭാ സീറ്റിലുമാണ് മത്സരിക്കുന്നത്.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനു പിന്നാലെ തെരഞ്ഞെടുപ്പു കമ്മീഷൻ മാതൃകാപെരുമാറ്റച്ചട്ടം ഫലപ്രദമായി നടപ്പാക്കാൻ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും നിർദ്ദേശം നൽകി. കേന്ദ്രകാബിനറ്റ് സെക്രട്ടറിയ്ക്കും, സംസ്ഥാന ചീഫ് സെക്രട്ടറിമാർക്കും, മുഖ്യ ഇലക്ടറൽ ഓഫീസർമാർക്കും എഴുതിയ കത്തിൽ, ഗവൺമെന്റ് വസ്തു-വകകളിലെ ചുമരെഴുത്തുകളും, പോസ്റ്ററുകളും, മറ്റു പ്രചാരണ സാമഗ്രികളും ഇന്ന് വൈകുന്നേരത്തിനു മുൻപ് മാറ്റണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. റെയിൽവെ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ എന്നിവയടക്കം പൊതു ഇടങ്ങളിലെ അനധികൃത- രാഷ്ട്രീയ പരസ്യങ്ങളും, ബോർഡുകളും, ബാനറുകളും, പതാകകളും 48 മണിക്കൂറിനകം മാറ്റണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

രാഷ്ട്രീയ പാർട്ടികളും, സ്ഥാനാർത്ഥികളും, പ്രചാരണത്തിലേർപ്പെട്ടിരിക്കുന്നവരും ഔദ്യോഗിക വാഹനങ്ങൾ ഉപയോഗിക്കാൻ പാടില്ല. പത്രങ്ങളിലോ, ഇലക്ട്രോണിക് മാധ്യമങ്ങളിലോ ഗവൺമെന്റിന്റെ നേട്ടങ്ങൾ എടുത്തുകാണിക്കുന്ന പരസ്യങ്ങൾ ഖജനാവിലെ പണം ഉപയോഗിച്ച് നൽകരുതെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. ഗവൺമെന്റിന്റെ നേട്ടങ്ങൾ പ്രചരിപ്പിക്കുന്ന പരസ്യങ്ങൾ മാറ്റാൻ മുഖ്യ ഇലക്ടറൽ ഓഫീസർമാരും, ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർമാരും അടിയന്തര നടപടിയെടുക്കണം. ഔദ്യോഗിക വെബ്സൈറ്റുകളിൽ നിന്ന് രാഷ്ട്രീയ നേതൃത്വത്തിൽ ഇരിക്കുന്നവരുടെ ചിത്രങ്ങൾ മാറ്റണം. എല്ലാ സംസ്ഥാനങ്ങളിലും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കാൻ കോൾസെന്ററും, വെബ്സൈറ്റും സജ്ജീകരിക്കണം. 1950

എന്ന കോൾസെന്റർ നമ്പറിൽ സംശയ നിവാരണവും, പരാതി പരിഹാരവും ലഭ്യമാക്കണമെന്നും നിർദ്ദേശമുണ്ട്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ റേഡിയോ, ടെലിവിഷൻ, സിനിമ, ഗവൺമെന്റ് ചാനലുകൾ എന്നിവ വഴി വോട്ടർമാരിലെത്തിച്ച് ബോധവത്ക്കരണം നടത്തണമെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ടു.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളുടെ വരവ് ചെലവ് നിരീക്ഷിക്കുന്നതിനും, സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് ഉറപ്പ് വരുത്തുന്നതിനും ഇലക്ഷൻ എക്സ്പെൻഡിച്ചർ മോണിറ്ററിങ് സംവിധാനം ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചു. തെരഞ്ഞെടുപ്പ് ചെലവ് നിരീക്ഷകരും, ഫ്ലയിങ് സ്ക്വാഡ്, സ്റ്റാറ്റിക് സർവൈലൻസ് ടീം, വീഡിയോ സർവൈലൻസ് ടീം എന്നിവയും പ്രവർത്തനം തുടങ്ങി.

ഒരു ലക്ഷം രൂപയിൽ കൂടുതൽ പണം കൈവശം കൊണ്ടുപോകുന്നവർ മതിയായ രേഖകൾ കരുതേണ്ടതാണ്. സ്ഥാനാർത്ഥികളാകുന്നവർ പ്രത്യേക അക്കൗണ്ട് സൂക്ഷിക്കേണ്ടതിനാൽ, പുതിയ അക്കൗണ്ട് തുറക്കാനെത്തുന്ന സ്ഥാനാർത്ഥികൾക്ക് ബാങ്കുകൾ പ്രത്യേക സൗകര്യം ഏർപ്പെടുത്തണം.

രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും മുദ്രണം ചെയ്യുന്ന തിരഞ്ഞെടുപ്പ് പ്രചാരണ സാമഗ്രികളിൽ പ്രിന്റർ, പബ്ലിഷർ, കോപ്പികളുടെ എണ്ണം എന്നീ വിവരങ്ങൾ ഉൾക്കൊള്ളിക്കേണ്ടതാണ്.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തോടെ സംസ്ഥാനത്ത് മൂന്ന് മുന്നണികളുടെയും പ്രചാരണ പരിപാടികൾ ഇന്നു മുതൽ കൂടുതൽ ഊർജ്ജിതമാകും. പാർട്ടികളുടെയും സഖ്യങ്ങളുടെയും ദേശീയ- സംസ്ഥാന നേതാക്കൾ പ്രചാരണ പരിപാടികൾക്ക് ചൂടുപകരാൻ മണ്ഡലങ്ങളിലെത്തും.

പ്രധാനമന്ത്രി നരേന്ദ്രമോദി തെരഞ്ഞെടുപ്പു പ്രചാരണത്തിനായി മറ്റന്നാൾ കേരളത്തിലെത്തുന്നുണ്ട്. പാലക്കാട്ട് അദ്ദേഹം റോഡ് ഷോയിൽ പങ്കെടുക്കും.

തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനു മുൻപു തന്നെ LDF ഉം UDF ഉം NDA യും മണ്ഡലങ്ങളിലെ പ്രചാരണത്തിന് തുടക്കമിട്ടിരുന്നു. മിക്കയിടങ്ങളിലും സ്ഥാനാർത്ഥികൾ പങ്കെടുക്കുന്ന പൊതുയോഗങ്ങളും സ്ഥാപന സന്ദർശനങ്ങളും പുരോഗമിക്കുകയാണ്.

ഏപ്രിൽ 26 വെള്ളിയാഴ്ചയിലെ വോട്ടെടുപ്പ് മാറ്റണമെന്നാവശ്യപ്പെട്ട് തെരഞ്ഞെടുപ്പ് കമ്മീഷനെ സമീപിക്കുമെന്ന് മുസ്ലീം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി PMA സലാം അറിയിച്ചു. സ്ഥാനാർത്ഥികളും, ഉദ്യോഗസ്ഥരും

പോളിംഗ് ഏജന്റുമാരുമുൾപ്പെടെ വിശ്വാസികൾക്ക് ആ ദിവസം പൂർണമായി മാറ്റിവെയ്ക്കേണ്ടി വരുമെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

2019-ലെ പൗരത്വ ഭേദഗതി നിയമപ്രകാരം അപേക്ഷ നൽകാൻ 'CAA-2019' മൊബൈൽ ആപ്പ് പ്രവർത്തനക്ഷമമായി. അപേക്ഷകർക്ക് ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്ന് ,ആപ്പ് ഡൗൺലോഡ് ചെയ്യാമെന്ന് ആഭ്യന്തര മന്ത്രാലയം അറിയിച്ചു.

✪✪✪

പട്ടികജാതി- പട്ടികവർഗ്ഗ- പിന്നാക്ക വിദ്യാർത്ഥികളുടെ E-ഗ്രാൻഡ്സ് വിതരണത്തിന് 415 കോടി 15 ലക്ഷം രൂപ ധനവകുപ്പ് അനുവദിച്ചതായി മന്ത്രി K രാധാകൃഷ്ണൻ തിരുവനന്തപുരത്ത് അറിയിച്ചു. കഴിഞ്ഞ വർഷത്തെയും, അതിന് മുൻ വർഷത്തെയും സ്കോളർഷിപ്പ് തുക പൂർണമായി വിതരണം ചെയ്യും. ന്യൂനപക്ഷത്തിനും, മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തിക പ്രശ്നങ്ങൾ നേരിടുന്നവർക്കും സ്കോളർഷിപ്പ് ലഭിക്കും.

✪✪✪

റേഷൻ മസ്റ്ററിംഗ് നിർത്തിവെച്ച സാഹചര്യത്തിൽ സാധാരണ പോലെ സംസ്ഥാനത്തെ റേഷൻ വിതരണം തുടരുമെന്ന് മന്ത്രി G R അനിൽ തിരുവനന്തപുരത്ത് അറിയിച്ചു. സാങ്കേതിക തകരാർ പൂർണമായി പരിഹരിച്ചുവെന്ന് NIC യും IT മിഷനും അറിയിച്ച ശേഷം മാത്രമേ മസ്റ്ററിംഗ് പുനഃരാരംഭിക്കൂ. ഇന്ന് റേഷൻ കടകൾക്ക് അവധിയായിരിക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

പാലക്കാട് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയെ അട്ടപ്പാടി ട്രൈബൽ താലൂക്ക് സ്പെഷ്യാലിറ്റി ആശുപത്രി എന്ന് പുനർനാമകരണം ചെയ്തു. താലൂക്ക് ആസ്ഥാന ആശുപത്രിയായി ഇതിന്റെ പദവി ഉയർത്തിയതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. നിലവിൽ അട്ടപ്പാടിയിൽ താലൂക്ക് ആശുപത്രി ഇല്ലാത്ത സാഹചര്യത്തിലാണ് പദവി ഉയർത്തിയത്.

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ ഇന്ന് ഡൽഹി ക്യാപ്പിറ്റൽസ് റോയൽ ചലഞ്ചേഴ്സ് ബംഗലൂരുവിനെ നേരിടും. വൈകീട്ട് 7.30ന് ഡൽഹിയിലാണ് മത്സരം.

ഡൽഹി ക്യാപ്പിറ്റൽസിൽ മലയാളിയായ മിന്നുമണിയും റോയൽ ചലഞ്ചേഴ്സിൽ ആശ ശോഭനയും കളിക്കുന്നതിനാൽ മത്സരം കേരളത്തിനും ആവേശകരമാകും.

✪✪✪

ഓൾ ഇംഗ്ലണ്ട് ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ലക്ഷ്യ സെനിന് സെമിഫൈനലിൽ തോൽവി. ഇന്തോനേഷ്യയുടെ ജൊനാഥൻ ക്രിസ്റ്റിയോട് ഒന്നിനെതിരെ രണ്ട് സെറ്റുകൾക്കാണ് ലക്ഷ്യസെൻ പരാജയപ്പെട്ടത്.

ഫൈനലിൽ ക്രിസ്റ്റി, ഇന്തോനേഷ്യയുടെ തന്നെ ആന്റണി ഗിന്റിങ്ങിനെ നേരിടും.

✪✪✪

മൊസാംബിക്കിൽ നിന്ന് UAE യിലേക്ക് പോവുകയായിരുന്ന MV അബ്ദുള്ള എന്ന ചരക്കു കപ്പൽ പിടിച്ചെടുത്ത 35 കടൽക്കൊള്ളക്കാരെ ഇന്ത്യൻ യുദ്ധ കപ്പൽ - INS കൊൽക്കത്ത കീഴടക്കിയതായി നാവികസേന അറിയിച്ചു. കൊള്ളക്കാരുടെ പിടിയിൽ നിന്ന് കപ്പലിലെ 17 ജീവനക്കാരെയും പരിക്കേൽക്കാതെ രക്ഷപ്പെടുത്താനും നാവികസേനയ്ക്ക് കഴിഞ്ഞു. കടൽക്കൊള്ളക്കാരുടെ റുവെൻ എന്ന കപ്പലിൽ നിന്നാണ് ബന്ദികളാക്കിയ ജീവനക്കാരെ രക്ഷപ്പെടുത്തിയത്. യുദ്ധക്കപ്പലായ INS സുഭദ്രയും, ഡ്രോണുകളും, നാവികസേന പട്രോൾ വിമാനങ്ങളും, രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുത്തു. വിമാനത്തിൽ നിന്ന് മാർക്കോസ് പ്രഹർ സേനാംഗങ്ങളെ കപ്പലിൽ ഇറക്കിയായിരുന്നു നാവികസേനയുടെ നടപടി.

✪✪✪

സംസ്ഥാന ശിശുക്ഷേമ സമിതി ഏപ്രിൽ 3 മുതൽ മെയ് 25 വരെ തിരുവനന്തപുരം തൈക്കാട് സമിതി ആസ്ഥാനത്ത് ‘കിളിക്കൂട്ടം 2024’ എന്ന അവധിക്കാല ക്യാമ്പ് സംഘടിപ്പിക്കുന്നു. ‘കുട്ടികൾക്കിണങ്ങിയ ഇന്ത്യ’ എന്ന സന്ദേശവുമായി സംഘടിപ്പിക്കുന്ന ക്യാമ്പിൽ പാഠ്യേതര വിഷയങ്ങൾക്കും, സർഗ്ഗാത്മക കഴിവുകൾ, പ്രോത്സാഹിപ്പിക്കുന്നതിനും പ്രാമുഖ്യം നൽകിയായിരിക്കും രണ്ടു മാസത്തെ ക്യാമ്പ്.

✪✪✪

KSRTC യുടെ കുറഞ്ഞ നിരക്കിൽ ഡ്രൈവിംഗ് പരിശീലനം നൽകുന്ന 22 ഡ്രൈവിംഗ് സ്കൂളുകൾ അടുത്ത മാസം പ്രവർത്തനമാരംഭിക്കും. ആദ്യഘട്ടത്തിൽ കോഴിക്കോട്, മാനന്തവാടി, തലശ്ശേരി, കാഞ്ഞങ്ങാട്, എടപ്പാൾ, ചിറ്റൂർ, പൊന്നാനി, നിലമ്പൂർ എന്നിവയടക്കം ഡിപ്പോകൾ കേന്ദ്രീകരിച്ചാണ് ഡ്രൈവിംഗ് സ്കൂളുകളുടെ പ്രവർത്തനം.

✪✪✪

NCERTയ്ക്ക് കീഴിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യുക്കേഷൻ ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അഖിലേന്ത്യ ചിൽഡ്രൻസ് എജ്യുക്കേഷണൽ ഇ-കണ്ടന്റ് മത്സരത്തിൽ കാലിക്കറ്റ് സർവകലാശാല മൂന്ന് പുരസ്കാരങ്ങൾ നേടി.

മികച്ച മൊബൈൽ അപ്ലിക്കേഷന് സർവകലാശാലയുടെ എജ്യുക്കേഷണൽ മൾട്ടിമീഡിയ റിസർച്ച് സെന്ററാണ് പുരസ്കാരം നേടിയത്. മികച്ച വീഡിയോ പ്രോഗ്രാമായി EMMRC പ്രൊഡ്യൂസർ സജീദ് നടുത്തൊടിയുടെ - റൈസ്ഡ് ഓൺ റിതംസ് - നെ തെരഞ്ഞെടുത്തു. മികച്ച അനിമേഷൻ ചിത്രത്തിന് മീഡിയ സെന്ററിലെ ഗ്രാഫിക്സ് ആർട്ടിസ്റ്റ് അനീഷ് KR നിർമിച്ച ഗ്രാഫിക്സ് ചിത്രം - ചന്ദ്രയാൻ 3-ന് പുരസ്കാരം ലഭിച്ചു.

✪✪✪

ആകാശവാണി കോഴിക്കോട് പ്രാദേശിക വാർത്താ വിഭാഗത്തിൽ എഡിറ്റോറിയൽ എക്സിക്യൂട്ടീവ് / ന്യൂസ് റീഡർ-കം- ട്രാൻസ്ലേറ്റർ തസ്തികയിലേക്ക് രണ്ടു വർഷ കരാർ അടിസ്ഥാനത്തിൽ പ്രസാർ ഭാരതി അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ newsonair.gov.in/vacancies എന്ന വെബ്സൈറ്റിലുണ്ട്. ഓൺലൈൻ അപേക്ഷകൾ applications.prasarbharati.org എന്ന വെബ് ലിങ്കിൽ ഈ മാസം 19 നകം ലഭിക്കേണ്ടതാണ്.

✪✪✪

ഗുളിക രൂപത്തിലാക്കി ശരീരത്തിലൊളിപ്പിച്ച് കടത്തിക്കൊണ്ടുവന്ന സ്വർണം കൊച്ചി അന്താരാഷ്ട്ര വിമാനതാവളത്തിൽ കസ്റ്റംസ് പിടി കൂടി .

മലേഷ്യയിൽ നിന്നും വന്ന തിരൂരങ്ങാടി സ്വദേശി സൈഫുദ്ദീനാണ് 664 ഗ്രാം സ്വർണം ഒളിപ്പിച്ച് കടത്താൻ ശ്രമിച്ചത്.

✪✪✪